## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.924

28.04.2017 ൽമറുപടി നൽകേണ്ടിയിരുന്നത്

### സംസ്ഥാന സ്കൂൾ കലോത്സവവുമായി ബന്ധപ്പെട്ട പരാതികൾ

**ചോദ്യം** — **ഉത്തരം**

ശ്രീ. എൻ. ഷംസുദ്ദീൻ

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017 ജനുവരിയിൽ കണ്ണൂരിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നൃത്ത ഇനങ്ങളായ മോഹിനിയാട്ടം, ഭരതനാട്യം എന്നിവയുടെ വിധി നിർണ്ണയത്തിൽ കടുത്ത അഴിമതി നടന്നു എന്ന് പങ്കെടുത്ത ചില കുട്ടികൾ ഡി.പി.ഐക്ക് പരാതി നല്കിയിട്ടുണ്ടോ' എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | മോഹിനിയാട്ടം, ഭരതനാട്യം എന്നിവയുടെ വിധി നിർണ്ണയത്തെപ്പറ്റി ഡി.പി.ഐ ക്ക് പരാതി ലഭിച്ചിട്ടില്ല. എന്നാൽ കലോത്സവ മാന്വൽ പ്രകാരം ലഭിച്ചിട്ടുള്ള അപ്പീലുകൾ ഹയർ അപ്പീൽ കമ്മിറ്റി പരിശോധിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) | സ്കൂൾ കലോത്സവത്തിന്റെ വിധി കർത്താക്കളുടെ പാനലിൽ 3 വർഷത്തിലധികം അംഗങ്ങളായിരുന്നവരെ വീണ്ടും ഉൾപ്പെടുത്തുകയില്ല എന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഉറപ്പ് നൽകിയിട്ടും ഇതിനു വിരുദ്ധമായി 5 വർഷത്തിലധികം വിധികർത്താക്കളായിരുന്നവരെ വീണ്ടും പാനലിൽ ഉൾപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇവർ ആരെല്ലാമാണെന്നും ഏതെല്ലാം മത്സരയിനങ്ങളിലായിരുന്നു ഇവർ വിധികർത്താക്കളായതെന്നും വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ വർഷത്തെ കലോത്സവത്തിൽ പുതിയ വിധികർത്താക്കളെ വിളിക്കുകയും ചില ഇനങ്ങളിൽ വിധികർത്താക്കൾ ഹാജരാകില്ല എന്ന് അറിയിച്ചതിൻ പ്രകാരവും യോഗ്യരായ വിധികർത്താക്കളുടെ അഭാവത്തിലും പുതിയ വിധികർത്താക്കളെ സമയക്കുറവുമൂലം കണ്ടെത്താൻ പറ്റാത്ത സാഹചര്യത്തിൽ മുമ്പ് കലോത്സവത്തിൽ തുടർച്ചയായി വിധികർത്താക്കളായിരുന്നവരെ മത്സര ഇനം മാറ്റി ഉൾപ്പെടുത്തി കലോത്സവം വിജയിപ്പിക്കുന്നതിനുമായി നിയമിക്കേണ്ടതായി വന്നിട്ടുണ്ട്; ഇതിൽ മാപ്പിള കലയാണ് കൂടുതൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (സി) | വിധികർത്താക്കളുടെ പാനൽ തെരഞ്ഞെടുപ്പിൽ പൊതു വിദ്യാഭ്യാസ | (സി) | പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ "വൈ" സെക്ഷൻ സൂപ്രണ്ടായിരുന്ന |

| | | | |
|---|---|---|---|
| | ഡയറക്റ്റേറ്റിലെ Y സെക്ഷൻ സൂപ്രണ്ടായിരുന്ന ഉദ്യോഗസ്ഥൻ ഡി.പി.ഐയെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടാണ് ഇത്തരം വിധികർത്താക്കളെ ഉൾപ്പെടുത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കൂടാതെ, സ്കൂൾ കലോത്സവ സമയത്ത് ടിയാന്റെ ചില നടപടികൾക്കെതിരെ അദ്ധ്യാപക സംഘടനകളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ; | | ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ശ്രദ്ധക്കുറവുണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി ഉദ്യോഗസ്ഥന്റെ പേരിൽ ഡി.പി.ഐക്ക് അധ്യാപക സംഘടനകളിൽ നിന്നും പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ പ്രസ്തുത പരാതികളിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശുപാർശ നൽകിയതെന്നും ഇതുപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ഡി) | ഉത്തരം (സി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഇ) | അന്വേഷണ വിധേയമായി ഡി.പി.ഐ- ൽ നിന്നും സ്ഥലംമാറ്റപ്പെട്ട പ്രസ്തുത ഉദ്യോഗസ്ഥൻ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലത്തുനിന്നും മുൻപ് പുറത്താക്കപ്പെട്ടുവാനുണ്ടായ കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത ഉദ്യോഗസ്ഥൻ പരീക്ഷാഭവനിൽ എൽ.ഡി. ക്ലാർക്കായി ജോലി ചെയ്തിരുന്ന കാലയളവിൽ 2001-02 വർഷത്തിൽ 20 ദിവസം വീതം രണ്ടുതവണ സ്വന്തം ലീവ് സറണ്ടർ ചെയ്ത് തുക കൈപ്പറ്റുകയും പ്രസ്തുത വിവരം പരീക്ഷാ സെക്രട്ടറി ഡി.പി.ഐയെ അറിയിച്ചതിനെ തുടർന്ന് ടി ഉദ്യോഗസ്ഥനെ തിരുവനന്തപുരം മോഡൽ ഹൈസ്കൂളിലേക്ക് സ്ഥലം മാറ്റുകയുണ്ടായി.തുടർന്ന് ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി സെൻഷർ നൽകി തീർപ്പാക്കി. |

Sadeera

സെക്ഷൻ ഓഫീസർ